## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *38** | **09.02.2016-ൽ മറുപടിയ്ക്ക്**

### ട്രൈബൽ ഹോസ്റ്റലുകൾ

**ചോദ്യം**
ശ്രീ.ചിറയം ഗോപകുമാർ
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.കെ.അജിത്
ശ്രീ.വി.ശശി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആദിവാസി ഹോസ്റ്റലുകളിൽ മതിയായ സൗകര്യങ്ങളില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സെന്റർ ഫോർ ട്രൈബൽ എഡ്യൂക്കേഷൻ ഡെവലപ്മെന്റ് ആന്റ് റിസർച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠനറിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സെന്റർ ഫോർ ട്രൈബൽ എഡ്യൂക്കേഷൻ ഡെവലപ്മെന്റ് ആന്റ് റിസർച്ച് എന്ന ഏജൻസി മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് യാതൊരു തരത്തിലുള്ള പഠനവും നടത്തിയിട്ടില്ല. |
| ബി) | അനുവദനീയമായതിൽ കൂടുതൽ പേർ താമസിക്കുന്ന ട്രൈബൽ ഹോസ്റ്റലുകളുണ്ടോ; ഉണ്ടെങ്കിൽ ഓരോ ഹോസ്റ്റലിലും എത്രപേർ വീതം അധികം താമസിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പല ഹോസ്റ്റലുകളിലും അംഗീകൃത എണ്ണത്തേക്കാൾ കൂടുതൽ അന്തേവാസികൾ താമസിക്കുന്നുണ്ട്. ഓരോ ഹോസ്റ്റലിലെയും കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇത്തരം ട്രൈബൽ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന 110 പ്രീമെട്രിക് /പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, നവീകരണത്തിനും വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹോസ്റ്റലുകളിലെ ശുദ്ധജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ, കൂടുതൽ ടോയ്‌ലറ്റുകൾ ഏർപ്പെടുത്തൽ, ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണികൾ, പരിസര ശുചീകരണം എന്നിവ നടപ്പിലാക്കി വരുന്നു.<br>കൂടാതെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് മേശ, കസേര, കട്ടിൽ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ ടേബിൾ, ടെലിവിഷൻ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾ താമസിക്കുന്ന പ്രീമെട്രിക് -പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ എച്ച്.എൽ.എൽ വഴി സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം ഉൾപ്പെടെയുള്ള എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ ഹോസ്റ്റലുകളിൽ നിരന്തരം സന്ദർശനം നടത്തി വരുന്നുണ്ട്. സ്ഥലം എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള ഉപദേശകസമിതി യോഗം ചേർന്ന് ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനം നിരീക്ഷിച്ച് വരുന്നുണ്ട്.<br>2015-16 സാമ്പത്തിക വർഷം പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 345 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരുന്നതിൽ 2,17,66,092/- രൂപ ഇതിനകം ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കി തുക വിനിയോഗിച്ച്കൊണ്ട് നടത്തേണ്ട പ്രവൃത്തികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികളും അതു പോലെയുള്ള പ്രവൃത്തികളും മദ്ധ്യവേനൽ അവധിക്കാലത്താണ് നടത്തി വരുന്നത്.<br>107 പ്രീമെട്രിക് ഹോസ്റ്റലുകളിലും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും ലൈബ്രറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ കുട്ടികൾ അധികമായി താമസിക്കുന്ന അട്ടപ്പാടി മേഖലയിൽ ഷോളയൂരിൽ സൗകര്യങ്ങളോടു കൂടി രണ്ട് ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതു കൂടാതെ അട്ടപ്പാടിയിൽ കാരറ എന്ന സ്ഥലത്ത് ഒരു പുതിയ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>ആനവായ് പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1.06 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.<br>അട്ടപ്പാടി മേഖലയിൽ ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. ആയത് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഇടുക്കി ജില്ലയിലെ വട്ടവട, കണ്ണൂർ ജില്ലയിലെ ആറളം, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം എന്നിവിടങ്ങളിൽ പുതിയ പ്രീമെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് അനുമതിയായിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ മാരംപള്ളി, ഫോർഷോർ എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഇടുക്കി ജില്ലയിലെ ഇരുമ്പുപാലം പ്രീമെട്രിക് ഹോസ്റ്റൽ, തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നിവയ്ക്ക് പുതിയ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.<br>കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം, പാലക്കാട് ജില്ലയിലെ സുങ്കം, പറളി തുടങ്ങിയ ഹോസ്റ്റലുകളുടെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിൽ അധിവസിക്കുന്ന അന്തേവാസികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

## I പ്രോജക്ട് ഓഫീസ് നെടുമങ്ങാട്(തിരുവനന്തപുരം ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പി.എം.എച്ച്.ഞാറനീലി | 50 | 68 | 18 |
| 2 | പി.എം.എച്ച്.നന്ദിയോട് | 35 | 42 | 7 |
| 3 | പി.എം.എച്ച്.പട്ടം | 35 | 28 | |

## II&III ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പുനലൂർ (കൊല്ലം,ആലപ്പുഴ)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ അമൃതകുളം,കൊല്ലം | 40 | 53 | 13 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ കുളത്തൂപ്പുഴ,കൊല്ലം | 40 | 51 | 11 |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ അച്ചൻകോവിൽ , കൊല്ലം | 40 | 45 | 5 |
| 4 | പ്രീമെട്രിക്ഹോസ്റ്റൽ ഉറുകുന്ന് കൊല്ലം | 40 | 37 | - |
| 5 | പ്രീമെട്രിക്ഹോസ്റ്റൽ മായിത്തറ ,ആലപ്പുഴ | 40 | 42 | 2 |

## IV ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് റാന്നി ( പത്തനംതിട്ട ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)ചിറ്റാർ | 30 | 45 | 15 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) കടുമീൻചിറ | 30 | 31 | 1 |

## V പ്രോജക്ട് ഓഫീസ് ഇടുക്കി (ഇടുക്കി ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) തൊടുപുഴ | 40 | 87 | 47 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) തൊടുപുഴ | 40 | 77 | 37 |
| 3 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)പൂമാല | 40 | 70 | 30 |
| 4 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)അടിമാലി | 60 | 103 | 43 |

| | | | | |
|---|---|---|---|---|
| 5 | പ്രീ-മെട്രിക്ഹോസ്റ്റൽ ഗേൾസ്)അടിമാലി | 60 | 99 | 39 |
| 6 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) ഇരുമ്പുപാലം | 40 | 36 | 4 |
| 7 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)മൂലമറ്റം | 40 | 81 | 41 |
| 8 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) വാഴത്തോപ്പ് | 90 | 42 | ~~48~~ |
| 9 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)മറയൂർ | 40 | 42 | 2 |
| 10 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) ദണ്ഡുകൊമ്പ് | 40 | 107 | 67 |
| 11 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) കോടാലിപ്പാറ | 40 | 40 | 0 |
| 12 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)കുമിളി | 40 | 51 | 11 |

## VI പ്രോജക്ട് ഓഫീസ് കാഞ്ഞിരപ്പള്ളി(കോട്ടയം ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | മുരുക്കുംവയൽ | 35 | 25 | - |
| 2 | കോരുത്തോട് | 30 | 24 | - |

## VII ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് മൂവാറ്റുപുഴ ( എറണാകുളം ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)ഇടമലയാർ | 40 | 54 | 14 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)നേര്യമംഗലം | 40 | 93 | 53 |
| 3 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) പിണവൂർക്കുടി | 40 | 74 | 34 |
| 4 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)മാതിരപ്പിള്ളി | 40 | 75 | 35 |

## VIII ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് ചാലക്കുടി(തൃശ്ശൂർ ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)പീച്ചി | 60 | 65 | 5 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)ചുവന്നമണ്ണ് | 60 | 49 | - |
| 3 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)വെറ്റിലപ്പാറ | 60 | 104 | 44 |
| 4 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) വാഴച്ചാൽ | 40 | 27 | - |
| 5 | പ്രീ-മെട്രിക്ഹോസ്റ്റൽ ചാലക്കുടി(ഗേൾസ്) | 60 | 66 | 6 |

## IX ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് അട്ടപ്പാടി(പാലക്കാട് .ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)അഗളി | 80 | 177 | 97 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)അഗളി | 40 | 69 | 29 |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) അഗളി | 60 | 107 | 47 |
| 4 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) മുക്കാലി | 40 | 76 | 36 |
| 5 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)ചിണ്ടക്കി | 40 | 68 | 28 |
| 6 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) കുക്കംപാളയം | 40 | 99 | 59 |
| 7 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)ഷോളയൂർ | 60 | 139 | 79 |
| 8 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) ഷോളയൂർ | 40 | 84 | 44 |
| 9 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) ഷോളയൂർ | 40 | 80 | 40 |
| 10 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്). ഷോളയൂർ | 40 | 70 | 30 |
| 11 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)കോട്ടത്തറ | 60 | 124 | 64 |
| 12 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)കോട്ടത്തറ | 40 | 56 | 16 |

| | | | | |
|---|---|---|---|---|
| 13 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)പുതൂർ | 60 | 100 | 40 |
| 14 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)മുള്ളി | 40 | 37 | - |
| 15 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) ഗൊട്ടിയാർകണ്ടി | 40 | 40 | - |
| 16 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) ആനവായ് | 40 | 52 | 12 |

## Xട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പാലക്കാട്(പാലക്കാട് ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ (ബായ്സ്)പട്ടഞ്ചേരി | 40 | 85 | 45 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)അയിലൂർ | 40 | 71 | 31 |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)മുതലമട | 40 | 69 | 29 |
| 4 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ് )അലനല്ലൂർ | 40 | 62 | 22 |
| 5 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) എൽ.എൻ.പുരം | 60 | 120 | 60 |
| 6 | പ്രീമെട്രിക്ഹോസ്റ്റൽ (ബായ്സ്&ഗേൾസ്) സുങ്കം | 40 | 47 | 7 |
| 7 | പ്രീമെട്രിക്ഹോസ്റ്റൽ (ബായ്സ്) പറളി | 40 | 46 | 6 |
| 8 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)നൂറാണി | 60 | 93 | 33 |

## XI പ്രോജക്ട് ഓഫീസ് നിലമ്പൂർ (മലപ്പുറം.ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) പോത്തുകല്ല് | 60 | 75 | 15 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) ചുങ്കത്തറ | 40 | 64 | 24 |
| 3 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) മണിമൂളി | 60 | 69 | 9 |
| 4 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) നിലമ്പൂർ | 60 | 70 | 10 |
| 5 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) എടക്കര | 40 | 50 | 10 |
| 6 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) പൂക്കോട്ടുംപാടം | 60 | 58 | - |

| | | | | |
|---|---|---|---|---|
| 7 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) മമ്പാട് | 40 | 66 | 26 |
| 8 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) ഒടക്കയം | 40 | 21 | - |
| 9 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) നിലമ്പൂർ | 40 | 18 | - |
| 10 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) ചുങ്കത്തറ | 40 | 28 | - |

## XIIട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്-കോഴിക്കോട്(കോഴിക്കോട് ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)പുതുപ്പാടി | 40 | 41 | 1 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) കുന്ദമംഗലം | 40 | 28 | - |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)വടകര | 40 | 26 | - |
| 4 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) ഈസ്റ്റ്ഹിൽ | 90 | 121 | 31 |
| 5 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) കോഴിക്കോട് | 30 | 35 | 5 |

## XIII പ്രോജക്ട് ഓഫീസ് കണ്ണൂർ(കണ്ണൂർ ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) വെള്ളിമാനം | 70 | 77 | 7 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)ഇരിട്ടി | 60 | 67 | 7 |
| 3 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്)കോളയാട് | 60 | 77 | 17 |
| 4 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)മയ്യിൽ | 60 | 81 | 21 |
| 5 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) വയത്തൂർ | 40 | 36 | - |
| 6 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)നടുവിൽ | 40 | 40 | - |
| 7 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)കേളകം | 40 | 43 | 3 |

## XIV പ്രോജക്ട് ഓഫീസ് കൽപ്പറ്റ(വയനാട് .ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീ-മെട്രിക്ഹോസ്റ്റൽ (ഗേൾസ്) കാവുമന്ദം | 40 | 76 | 36 |
| 2 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) കാക്കവയൽ | 60 | 67 | 7 |
| 3 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) കണിയാമ്പറ്റ | 60 | 80 | 20 |
| 4 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) മേപ്പാടി | 65 | 76 | 11 |
| 5 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്) തൃക്കൈപ്പെറ്റ | 30 | 49 | 19 |
| 6 | പ്രീ-മെട്രിക്ഹോസ്റ്റൽ (ബോയ്സ്)പിണങ്ങോട് മുണ്ടേരി | 35 | 72 | 37 |

## ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്-മാനന്തവാടി(വയനാട്ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയ മായ കുട്ടിക ളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)പനമരം | 60 | 80 | 20 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)പനമരം | 60 | 80 | 20 |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) അഞ്ചുകുന്ന് | 40 | 76 | 36 |
| 4 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) മാനന്തവാടി | 40 | 50 | 10 |
| 5 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) എള്ളുമന്ദം | 60 | 74 | 14 |
| 6 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) വാളേരി | 60 | 100 | 40 |
| 7 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)കാട്ടിക്കുളം | 60 | 81 | 21 |
| 8 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) തൃശ്ശിലേരി | 80 | 110 | 30 |
| 9 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)തലപ്പുഴ | 60 | 80 | 20 |
| 10 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)തൊണ്ടർനാട് | 60 | 76 | 16 |

## XV ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് സുൽത്താൻബത്തേരി (വയനാട്-ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)അമ്പലവയൽ | 60 | 76 | 16 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)മട്ടപ്പാറ | 30 | 36 | 6 |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)ചീരാൽ | 60 | 77 | 17 |
| 4 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) വാകേരി | 60 | 84 | 24 |
| 5 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)വേലിയമ്പം | 60 | 92 | 32 |
| 6 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്) സുൽത്താൻബത്തേരി | 40 | 34 | - |
| 7 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) വടുവൻചാൽ | 30 | 49 | 19 |
| 8 | പ്രീമെട്രിക്ഹോസ്റ്റൽ ആനപ്പാറ | 40 | 67 | 27 |
| 9 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്)പുൽപ്പള്ളി | 30 | 53 | 23 |
| 10 | പ്രീമെട്രിക്ഹോസ്റ്റൽ (ബോയ്സ്) മുള്ളൻകൊല്ലി | 40 | 74 | 34 |
| 11 | പ്രീമെട്രിക്ഹോസ്റ്റൽ മീനങ്ങാടി | 40 | 58 | 18 |

## XVI ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് കാസർഗോഡ്(കാസർഗോഡ് ജില്ല)

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | അനുവദനീയമായ കുട്ടികളുടെ എണ്ണം | നിലവിലെ കുട്ടികളുടെ എണ്ണം | അധികംവന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രീമെട്രിക്ഹോസ്റ്റൽ (ഗേൾസ്)കുറ്റിക്കോൽ | 30 | 36 | 6 |
| 2 | പ്രീമെട്രിക്ഹോസ്റ്റൽ ബ്ലാന്തോട് | 30 | 41 | 11 |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ വാണിനഗർ | 60 | 50 | - |

സെക്ഷൻ ഓഫീസർ